പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.373 29.06.2016-ൽ മറുപടിയ്ക്ക്

## നീലേശ്വരത്ത് ഇ.എം.എസ് സ്റ്റേഡിയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.രാജഗോപാലൻ | ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി) |
| (എ) കാസർകോഡ് ജില്ലയിലെ നീലേശ്വരത്ത് ഇ.എം.എസ് സ്റ്റേഡിയം പണിയുന്നതിന് ബജറ്റ് പ്രസംഗത്തിൽ വ്യക്തമായ തുക നിർദ്ദേശിച്ചിട്ടും നാളിതുവരെയായി പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; | (എ) ഇ.എം.എസ് മെമ്മോറിയൽ സ്റ്റേഡിയത്തിന് 2010-11 -ൽ രണ്ടു കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിരുന്നുവെങ്കിലും, പദ്ധതി ഇതുവരെയും നടപ്പിലാക്കാനായിട്ടില്ല. |
| (ബി) കേരള മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ് ആദ്യമായി പ്രതിനിധാനം ചെയ്ത നീലേശ്വരത്ത് ഉചിതമായ സ്മാരകമെന്ന നിലയിൽ ഈ പദ്ധതി ഉടൻ പ്രഖ്യാപിക്കുമോ ? | (ബി) കേരള സംസ്ഥാനത്തെ പ്രഥമ മുഖ്യമന്ത്രിയായിരുന്ന ശ്രീ.ഇ.എം.എസ് ആദ്യനിയമസഭയിൽ പ്രതിനിധീകരിച്ചിരുന്ന മണ്ഡലമാണ് നീലേശ്വരം. പ്രസ്തുത പ്രദേശത്ത് ശ്രീ.ഇ.എം.എസ്-ന്റെ നാമധേയത്തിലുള്ള സ്റ്റേഡിയം ഒരു ചരിത്രസ്മാരകമായി നിലനിർത്താൻ സഹായകരമായ നടപടി എത്രയുംവേഗം സ്വീകരിക്കും. |

Manoj M

സെക്ഷൻ ഓഫീസർ